# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

മരാമത്തു പണികൾ - ചരക്ക് സേവന നികുതി - ഈടാക്കുന്നത് സംബന്ധിച്ച് - ട്രഷറി ഡയറക്ടർ 31.10.2017-ൽ ട്രഷറി ഓഫീസർമാർക്ക് നൽകിയ നിർദ്ദേശം - സർവകലാശാലയിൽ നടപ്പാക്കുന്നത് സംബന്ധിച്ച് - വൈസ് ചാൻസലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പി & ഡി I – സെക്ഷൻ**

**യു.ഒ.നം. 6789/പി&ഡി-1/3/2017/ ഭരണവിഭാഗം** **തീയതി: 16.11.2017**

---

**പരാമർശം:-** 1) ട്രഷറി ഡയറക്ടറുടെ 31.100.2017-ലെ 57/2017-ാം നമ്പർ സർക്കുലർ.
2) ബഹു. വൈസ് ചാൻസലറുടെ 14.11.2017-ലെ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം 06.10.2017-ന് കൂടിയ ജി.എസ്.ടി കൗൺസിലിന്റെ 22-ാംമത് യോഗം കേരള സ്റ്റേറ്റ് ചരക്ക് നികുതി നിയമം 2017-ലെ 51-ാം ഉപവാക്യ പ്രകാരം ചർക്ക് സേവന നികുതി (ജി.എസ്.ടി) ഉറവിടത്തിൽ നിന്നും തന്നെ വസൂലാക്കണമെന്നുള്ള വ്യവസ്ഥ 2018 മാർച്ച് 31 വരെ നടപ്പാക്കേണ്ടതില്ല എന്ന് ജി.എസ്.ടി അസിസ്റ്റന്റ് കമ്മീഷണർ 25.10.2017 തീയതിയായുള്ള 77/17/സി.റ്റി. കത്തിലൂടെ നിർദ്ദേശിച്ചിട്ടുള്ളതായി ട്രഷറി ഡയറക്ടർ സംസ്ഥാനത്തെ എല്ലാ ട്രഷറി ഓഫീസർമാരെയും അറിയിച്ചിരുന്നു.

ഇതുമായി ബന്ധപ്പെട്ട ജി.എസ്.ടി. കൗൺസിലിന്റെ താഴെപ്പറയുന്ന സ്പഷ്ടീകരണവും ട്രഷറി ഡയറക്ടർ ടി സർക്കുലറിൽ കൂടി അറിയിച്ചിരുന്നു.

01.07.2017-നോ അതിന് ശേഷമോ പൂർത്തിയാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ജി.എസ്.ടി.യുടെ കാര്യത്തിൽ ഉറവിടത്തിൽ നിന്ന് നികുതി പിടിക്കുന്ന വ്യവസ്ഥ (റ്റി.ഡി.എസ്) 31.03.2018 വരെ നടപ്പാക്കേണ്ടതില്ല. എന്നാൽ 30.06.2017-നോ അതിന് മുൻപോ നിർമ്മാണം പൂർത്തിയായതും, 01.07.2017-നോ അതിന് ശേഷമോ പേയ്മെന്റ് നടത്തുന്നതുമായ ബില്ലുകൾക്ക് VAT നിലവിലിരുന്ന കാലയളവിൽ നടത്തിയിരുന്നത് പോലെ ഉറവിടത്തിൽ നിന്ന് നികുതി പിടിക്കേണ്ടതാകുന്നു (റ്റി.ഡി.എസ്.).

മേൽ നിർദ്ദേശം സർവകലാശാലയിൽ നടപ്പാക്കുവാൻ 14.11.2017-ൽ പരാമർശം (2) പ്രകാരം ബഹു. വൈസ് ചാൻസലർ എം.ജി.യു. ആക്ട് 1985, അദ്ധ്യായം 3, 10(17) വകുപ്പ് പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

**ഒപ്പ്**
**തുളസീലാൽ ആർ.എൻ**
**ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്:

1. സർവകലാശാല എഞ്ചിനീയർ
2. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ..
4. എ.സി.സി. സെക്ഷൻ
5. ജനറൽ ക്യാഷ്
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഓഡിറ്റ് I/അക്കൗണ്ട്സ് V
7. റെക്കോർഡ്സ് സെക്ഷൻ/ഫിനാൻസ് IV
8. കെ.എസ്.എ.ഡി.
9. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**ഫയൽ നം: പി & ഡി-1/3/1910/2017/ഭരണവിഭാഗം**